"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

**പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ നടപടിക്രമം**

വിഷയം :- ജയിൽ ആസ്ഥാനകാര്യാലയം - ജീവനക്കാര്യം - മൂന്നാമത് കേരള പ്രിസൺ ഡ്യൂട്ടി മീറ്റ് 2026 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 24/08/2023 തീയതിയിലെ സ. ഉ.(സാധാ) 2414/23/ആഭ്യന്തരം നമ്പർ ഉത്തരവ്.
2. 13/11/2024, 18/11/2024 തീയതികളിലെ പ്രിസൺ ഡെവലപ്പ്മെന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റിയുടെ യോഗ തീരുമാനം.
3. ഡി.ഐ.ജി ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് (ദ.മേ) & ഡയറക്ടർ, സിക്കയുടെ 15-12-2025 തീയതിയിലെ KPCS/DIG/SZ/SICA/1085/2025-RWO നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ: KPCS/8784/2025-E7; തീയതി: 13-01-2026**

---

ജയിൽ ഉദ്യോഗസ്ഥർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം ഉറപ്പ വരുത്തുന്നതിന് മറ്റ് സേനാവിഭാഗങ്ങളിൽ നടത്തി വരുന്ന മാതൃകയിൽ വർഷത്തിൽ ഒരു തവണ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്നാമത് കേരള പ്രിസൺ ഡ്യൂട്ടി മീറ്റ് 2025–26 സാമ്പത്തിക വർഷത്തിൽ 2026 ജനുവരി അവസാന വാരത്തിലും, 2026 ഫെബ്രുവരി മാസത്തിലുമായി ചുവടെ ചേർക്കും പ്രകാരം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. മേഖല പ്രിസൺ മീറ്റുകൾ 2026 ജനുവരി അവസാന വാരത്തിലും 2026 ഫെബ്രുവരി ആദ്യ വാരത്തിലുമായി (27-01-2026 മുതൽ 04-02-2026 വരെയുള്ള ഏതെങ്കിലും 3 ദിവസങ്ങളിലായി) നടത്തേണ്ടതാണ്.

2. 2026 ഫെബ്രുവരി അവസാന വാരത്തിൽ 3 ദിവസം സെൻട്രൽ സോൺ തൃശ്ശൂരിൽ വെച്ച് സംസ്ഥാനതല പ്രിസൺ മീറ്റ് നടത്തേണ്ടതാണ്.

3. 2025–26 സാമ്പത്തിക വർഷത്തിൽ മൂന്നാമത് കേരള പ്രിസൺ ഡ്യൂട്ടി മീറ്റ് നടത്തുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ ഫണ്ടും, സർക്കാർ ഫണ്ടിനു തുല്യമായ തുക പ്രിസൺ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ടി തുകയിൽ നിന്ന് മൂന്ന് സോണുകൾക്കും 50,000/- രൂപ വീതം മേഖല പ്രിസൺ മീറ്റിനായി അനുവദിക്കുന്നു. ഇതിലേയ്ക്കാവശ്യമായ സർക്കാർ ഫണ്ട് 2056-00-001-99-34-3- NV എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

4. ജയിൽ ആസ്ഥാകാര്യാലയത്തിലെ അക്കണ്ട്സ് സെക്ഷൻ മുഖേന പ്രിസൺ മീറ്റ് നടത്തുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് വേണ്ട നടപടികൾ

സ്വീകരിക്കേണ്ടതാണ്.

5. കഴിഞ്ഞ വർഷങ്ങളിലെ പോലെ എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ, മറ്റ് വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് സഹായവും സഹകരണവും ഉദ്യോഗസ്ഥർക്ക് പരാതികളോ ബുദ്ധിമുട്ടോ ഉണ്ടാകാത്ത രീതിയിൽ അത്തരം സഹായം സ്വീകരിച്ചുകൊണ്ട് നടത്താവുന്നതാണ്.

6. എല്ലാ വിഭാഗങ്ങളിലെയും ഉദ്യോഗസ്ഥരെയും എല്ലാ സർവീസ് സംഘടനകളിൽ നിന്നുമുള്ള പ്രതിനിധികളെയും ഉൾപ്പെടുത്തി മേഖലാ ഡി.ഐ.ജി.മാരെ ചെയർമാനാക്കി കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് മേഖല പ്രിസൺ മീറ്റ് നടത്താവുന്നതാണ്.

7. മൂന്നാമത് കേരള പ്രിസൺ സംസ്ഥാനതല മീറ്റിന്റെ നടത്തിപ്പിനായി, മദ്ധ്യ മേഖല ഡി.ഐ.ജി.യെ ചെയർമാനാക്കി കൊണ്ടും, മേഖല ഡി. ഐ.ജി. മാരെ കൺവീനർമാർ ആക്കിയും, എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടെയും, എല്ലാ സർവീസ് സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി, മീറ്റ് നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനായി കമ്മിറ്റികൾ രൂപീകരിച്ച് കൊണ്ട് മീറ്റ് നടത്താവുന്നതാണ്.

8. കഴിഞ്ഞ വർഷങ്ങളിലേതുപോലെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പരസ്യങ്ങളും, സഹായ സഹകരണവും സ്വീകരിച്ച് കൊണ്ട് മീറ്റ് നടത്താവുന്നതാണ്.

9. ഉദ്യോഗസ്ഥരുടെ പങ്കാളിത്തം കുറവുള്ള മത്സരങ്ങൾ ഒഴിവാക്കാവുന്നതും, അഖിലേന്ത്യാ ജയിൽ മീറ്റിൽ ഉൾപ്പെടുന്ന സംഗീത ഉപകരണങ്ങളുടെ മത്സരം കൂടി ഉൾപ്പെടുത്താവുന്നതുമാണ്.

Balram Kumar Upadhyay
DIRECTOR GENERAL

സ്വീകർത്താവ്:- 1. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്, ദക്ഷിണ മേഖല/മദ്ധ്യ മേഖല/ഉത്തര മേഖല

2. സീനിയർ ഫിനാൻസ് ഓഫീസർ/പി.എ.റ്റു. ഡി.ജി.പി. & സി. എസ്/അക്കൗണ്ട്സ് ഓഫീസർ, ജയിൽ ആസ്ഥാനകാര്യാലയം.
3. എ2 സീറ്റ്/എ5 സീറ്റ് (അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)

Signed by
Preetha V S
Date: 14-01-2026 11:53:53

പകർപ്പ്:- 1. എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

2. ടെക്നിക്കൽ ഓഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)